7. കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ദേശീയ കൈത്തറി മേളകൾ നടത്തിവരുന്നു.

8. സംഘത്തിന്റെയും നെയ്ത്തുകാരുടെയും വർക്ക് ഷെഡ് നവീകരണം, ഷോറൂം നവീകരണം കൈത്തറി വസ്ത്ര പ്രദർശനവും പ്രചാരണവും വിവിധ മാധ്യമങ്ങളിലൂടെ നൽകി ജനങ്ങൾക്ക് വ്യക്തമായ അവബോധം നൽകിവരുന്നു.

9. ആധുനിക രീതിയിലുള്ള ഡിസൈൻ ഉൽപ്പന്നങ്ങൾ നെയ്യുന്നതിന് വിദഗ്ദ്ധ പരിശീനം നടത്തിവരുന്നു.

10. കൈത്തറി ഉൽപ്പന്നങ്ങൾ കേരള കൈത്തറി എന്ന പേരിൽ ബ്രാന്റ് വികസനം നടത്തുന്നുണ്ട്.

11. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നു.

(ബി) കൈത്തറി മേഖലയിൽ അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും ഉണമേന്മ ഉറപ്പുവരുത്തുന്നതിനുമായി യാൺ ബാങ്കുകൾ വഴി കുറഞ്ഞ നിരക്കിൽ സബ്സിഡിയോടുകൂടി നൂൽ, കെമിക്കൽസ് ആന്റ് ഡൈസ് എന്നിവ വിതരണം നടത്തുന്നു. കൂടാതെ കേന്ദ്രസർക്കാരിന്റെ നാഷണൽ ഹാന്റ് ലൂം ഡവലപ്മെന്റ് കോർപ്പറേഷൻ തിരുവനന്തപുരത്തും ബാലരാമപുരത്തും കണ്ണൂരും യാൺ ഡിപ്പോകൾ ആരംഭിച്ചു.

ഐ.ടി. ഉല്പന്ന കയറ്റുമതി

172(2210) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം ജനുവരി 31 വരെ ഐ.ടി. ഉല്പന്ന കയറ്റുമതി എത്ര കോടി രൂപയായിരുന്നു ; ആയത് നടപ്പു സാമ്പത്തിക വർഷം എത്രകണ്ട് വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; വിശദാംശം വ്യക്തമാക്കുമോ ;

(ബി) 2014-15 വർഷത്തിൽ ഐ.ടി. ഉല്പന്ന കയറ്റുമതി എത്ര കോടി രൂപയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2015-16 സാമ്പത്തിക വർഷം ജനുവരി 31 വരെ ഐ.ടി., ഐ.ടി. അനുബന്ധ മേഖലകളിൽ സ്റ്റാർട്ട് അപ് കമ്പനികളുടെ വിറ്റുവരവ് എത്ര കോടി രൂപ ; ആയത് 2014-15 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയായിരുന്നു ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് നിലവിൽ എത്ര സർക്കാർ അംഗീകൃത ഐ.ടി. കമ്പനികൾ പ്രവർത്തിക്കുന്നുവെന്നും ഇതിലൂടെ എത്ര പേർ നേരിട്ടും അല്ലാതെയും ജോലി നോക്കുന്നു എന്നും വൻകിട ഐ.ടി. കമ്പനികൾ തൊഴിൽ സംസ്കാരം പാലിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം ജനുവരി 31 വരെയുള്ള ഐ.ടി. ഉല്പന്ന കയറ്റുമതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. 2015 -16 സാമ്പത്തിക വർഷത്തെ ഐ.ടി. ഉല്പന്ന കയറ്റുമതിയുടെ വിവരങ്ങൾ പ്രസ്തുത സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷമേ ലഭ്യമാവുകയുള്ളൂ. നടപ്പു സാമ്പത്തിക വർഷം 2014-15 സാമ്പത്തിക വർഷത്തിലെ കയറ്റുമതിയേക്കാളും 50% കൂടുതൽ കൈവരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 2014-15 വർഷത്തിൽ സർക്കാർ നിയന്ത്രണത്തിലുള്ള ഐ.ടി. പാർക്കുകളിൽ നിന്നും 8250.28 കോടി രൂപയുടേയും സ്റ്റാർട്ട് അപ് മിഷന്റെ കീഴിലുള്ള സ്റ്റാർട്ട് അപ് കമ്പനികളിൽ നിന്നും 2.92 കോടി രൂപയുടേയും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള STPI-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള STP & Non-STP കമ്പനികളിൽ നിന്നും 2867.77 കോടി രൂപയുടേയും ഐ.ടി. ഉല്പന്ന കയറ്റുമതി നടന്നിരുന്നു.

(സി) 2015-16 സാമ്പത്തിക വർഷം ജനുവരി 31 വരെ സ്റ്റാർട്ട് അപ് മിഷന്റെ കീഴിലുള്ള സ്റ്റാർട്ട് അപ് കമ്പനികളുടെ വിറ്റുവരവ് 4.62 കോടി രൂപയാണ്. 2014- 15 സാമ്പത്തിക വർഷം 7.84 കോടി രൂപയായിരുന്നു.

(ഡി) സംസ്ഥാനത്ത് ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നവിടങ്ങളിൽ പ്രവർത്തിക്കുന്ന കമ്പനികളെയും ജോലി നോക്കുന്നവരെയും സംബന്ധിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. വൻകിട ഐ.ടി. കമ്പനികൾ നിലവിലുള്ള തൊഴിൽ നിയമ വ്യവസ്ഥകൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly